# Mathrubhumi

## 22 August 2018

## Angamaly,Chambannur,Flood, Widespread Damage

# വെള്ളം തോരാതെ ചമ്പന്നൂർ ഗ്രാമം


പി.പി. ഷൈജു
shaiju854@gmail.com


പ്രളയത്തിൽ മുങ്ങിയ ഗ്രാമങ്ങൾ പലതും വെള്ളത്തിൽനിന്ന് കരപറ്റിയെങ്കിലും അങ്കമാലി ചമ്പന്നൂർ ഗ്രാമം ഇപ്പോഴും വെള്ളക്കെട്ടിൽ അമർന്നിരിക്കുകയാണ്. ആറു റോഡുകൾ വെള്ളത്തിനടിയിലാണ്. 24 വീടുകളിൽനിന്ന് ഇനിയും വെള്ളം ഇറങ്ങിയിട്ടില്ല. തെക്കേ ചമ്പന്നൂരിലും വടക്കേ ചമ്പന്നൂരിലുമായി 150-ഓളം വീടുകളിലാണ് വെള്ളം കയറിയത്. ഇതിൽ 24 വീടൊഴികെ ബാക്കിയുള്ള വീടുകളിൽനിന്ന് വെള്ളം ഇറങ്ങി. 150-ഓളം പേർ ഡീപോൾ സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ ഇപ്പോഴും കഴിയുന്നുണ്ട്. വെള്ളം കയറിയതിനെ തുടർന്ന് വീടുവിട്ട 150-ഓളം പേർക്ക് വെള്ളം ഇറങ്ങാത്തതിനാൽ ബന്ധുക്കളുടെ വീടുകളിൽനിന്ന് തിരിച്ചെത്താനുമായിട്ടില്ല. ചമ്പന്നൂർ ഭാഗത്ത് വെള്ളപ്പൊക്കത്തിൽ ഏഴ് വീടുകൾ തകർന്നിട്ടുണ്ടെന്ന് കൗൺസിൽ സാജി ജോസഫ് പറഞ്ഞു. സെയ്ന്റ് സെബാസ്റ്റ്യൻ പള്ളിയുടെ താഴെയായി വെട്ടിയാട് റോഡ് ഭാഗത്താണ് 24 വീടുകൾ വെള്ളത്തിലുള്ളത്. വെള്ളം ഇറങ്ങിയാൽ ബുധനാഴ്ച രാവിലെയോടെ വീടുകളിലേക്കു പോകാനാകുമെന്ന പ്രതീക്ഷയിലാണ് 24 കുടുംബങ്ങളും. വെട്ടിപ്പുഴക്കാവ്, അയ്യാട്ടുകടവ്, തുരുത്ത്, വെട്ടിയാട്, മണൽക്ക, കുട്ടാടൻകുഴി എന്നീ റോഡുകളാണ് ഇപ്പോഴും വെള്ളത്തിനടിയിലുള്ളത്.

ചമ്പന്നൂർ വെട്ടിപ്പുഴക്കാവ് ഭഗവതി ക്ഷേത്രം, സെയ്ന്റ് റീത്താസ് പള്ളി, പള്ളി മേട, പാരിഷ്ഹാൾ, സെയ്ന്റ് ആൻറണീസ് സ്കൂൾ, രണ്ട് അങ്കണവാടികൾ എന്നിവിടങ്ങളിലെല്ലാം വെള്ളം കയറി. വെള്ളം കയറിയതിനാൽ പള്ളിയിലെ കുർബാനയും മുടങ്ങിയിരിക്കുകയാണ്. 15-നാണ് ചമ്പന്നൂർ മേഖലയിൽ വെള്ളം കയറിയത്. ഉടൻ തന്നെ ആളുകളെ സെയ്ന്റ് ആൻറണീസ് എൽ.പി. സ്കൂളിലേക്കു മാറ്റി. എന്നാൽ ആ ഭാഗത്തും വെള്ളം ഉയരാൻ തുടങ്ങിയതോടെ 16-ന് ആളുകളെ മുഴുവൻ അങ്കമാലി ഡീപോൾ സ്കൂളിലേക്കു മാറ്റി. രണ്ടായിരത്തോളം പേർ ഈ ക്യാമ്പിൽ ഉണ്ടായിരുന്നു.

മാഞ്ഞാലിത്തോട്ടിൽനിന്നാണ് ചമ്പന്നൂരിലേക്ക് വെള്ളം ഇരച്ചുകയറിയത്. ചമ്പന്നൂരിൽ ഇതുവരെ വൈദ്യുതി ബന്ധവും പുനഃസ്ഥാപിക്കാനായിട്ടില്ല. കിണറുകളെല്ലാം വെള്ളം കയറി മലിനമായതിനാൽ ടാങ്കർ ലോറിയിൽ വെള്ളമെത്തിച്ച് വിതരണം ചെയ്യുകയാണ്.



ചമ്പന്നൂരിൽ ആടിനെയും തോളിലേറ്റി വെള്ളക്കെട്ടിലൂടെ നടന്നുനീങ്ങുന്ന റിൻസ് ജോസ്



കിണറുകൾ മലിനമായതിനാൽ ചമ്പന്നൂരിൽ ടാങ്കർ ലോറികളിലെത്തിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നു